## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4346 — 13/12/2018 ൽ മറുപടിക്ക്

### <u>യുവതീ പ്രവേശവിഷയത്തിലെ സത്യവാങ്മൂലങ്ങൾ</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |

<table>
<tr><td>(എ)</td><td>ശബരിമലയിലെ ആചാരാനുഷ്ഠാനങ്ങളിൽ മാറ്റം വരുത്തേണ്ടതില്ലായെന്നും യുവതി പ്രവേശനം പാടില്ലെന്ന 1991 ലെ ഹൈക്കോടതി ഉത്തരവ് തുടരണമെന്നും ആവശ്യപ്പെട്ട് മുൻ സർക്കാരിന്റെ കാലത്ത് സമർപ്പിച്ച സത്യവാങ്മൂലം ഈ സർക്കാർ പിൻവലിക്കുന്നതിന് ആസ്പദമായ സാഹചര്യങ്ങളും കാരണങ്ങളും വിശദമാക്കുമോ;</td><td rowspan="2">(എ) യും (ബി) യും</td><td rowspan="2">ശബരിമലയിലെ സ്ത്രീ പ്രവേശന വിഷയം ആചാരാനുഷ്ഠാനവുമായി ബന്ധപ്പെട്ടതായതിനാൽ ഹിന്ദുധർമ്മ ശാസ്ത്രത്തിൽ പ്രാവീണ്യമുള്ള ആചാര്യന്മാരുടെ അഭിപ്രായം തേടിയ ശേഷം തീരുമാനമെടുക്കണമെന്നും ഇക്കാര്യത്തിൽ ബഹു സുപ്രീം കോടതിയുടെ വിധി നടപ്പാക്കുമെന്നും ഇക്കാര്യത്തിൽ നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നില്ല എന്നും 2007 ൽ സംസ്ഥാന സർക്കാർ നൽകിയിരുന്ന സത്യവാങ്മൂലം മുൻ സർക്കാർ പിൻവലിച്ച് പുതിയ സത്യവാങ്മൂലം നൽകുകയാണുണ്ടായത്. ഈ സർക്കാർ 2007 ലെ സത്യവാങ്മൂലത്തിൽ ഉറച്ചുനില്ക്കുന്നതായി ബഹു സുപ്രീം കോടതിയെ അറിയിക്കുകയാണുണ്ടായത്. സർക്കാരിനും, സ്വയംഭരണ സ്ഥാപനമെന്ന നിലയിൽ തിരുവിതാകൂർ ദേവസ്വം ബോർഡിനും അവരുടെ നിലപാട് കോടതിയെ ധരിപ്പിക്കുന്നതിനുള്ള പൂർണ്ണ അധികാരമുണ്ട്.</td></tr>
<tr><td>(ബി)</td><td>യുവതിപ്രവേശ വിഷയത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡും സംസ്ഥാന സർക്കാരും വ്യത്യസ്തമായ സത്യവാങ്മൂലം നൽകിയതിന്റെ കാരണം വിശദമാക്കുമോ?</td></tr>
</table>

സെക്ഷൻ ഓഫീസർ